# നാഷണൽ ഹയർ സെക്കണ്ടറി സ്കൂൾ

## ഏങ്ങണ്ടിയൂർ



# ഇ-തൂലിക

# സന്ദേശം



നാഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്ന എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.നമ്മുടെ വിദ്യാർത്ഥികളുടെ സർഗ്ഗശേഷിയെ സമ്പുഷ്ടമാക്കുന്നതിനായുള്ള ഈ സംരംഭം ഒരു പുതിയ കാൽവെയ്പാണെന്നതന്നെ പറയാം.വിദ്യർത്ഥികളുടെ മനസ്സിൽ ഉറഞ്ഞു കിടക്കുന്ന ഭാവനകളെ തൊട്ടുണർത്താൻ ഇത് പര്യാപ്തമാകും.നമ്മുടെ വിദ്യാർത്ഥികളുടെ പുതിയ സംരംഭങ്ങൾക്ക് ഭാവുകാശംസകൾ നേരുന്നു

പി വി രവീന്ദ്രൻമാസ്ററർ 7/1/2019

മാനേജർ

# സന്ദേശം



സാങ്കേതിക വിദ്യ എല്ലാ മേഖലകളിലും മുന്നേറികൊണ്ടിരിക്കുന്ന ഈവേളയിൽ നമ്മുടെ വിദ്യാർത്ഥികളും ഒട്ടും പിന്നിലല്ല.പൊതുവിദ്യാഭ്യാസരംഗം കുട്ടികൾക്ക് വിവരസാങ്കേതികവിദ്യയിൽ പുതുവഴികൾ വെട്ടി തെളിക്കാനും വെട്ടി പിടിക്കാനും നൽകിയ വേദിയാണല്ലോ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്.യൂണിറ്റിന്റെ പ്രധമസംരഭമായ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോ അംഗത്തിനും ഈ അവസരത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ ഈ പദ്ധതി പൂർണ്ണവിജയമാകട്ടെ എന്നാശംസിക്കുന്നു

അനിത .വി.വി 6/1/2019

ഹെഡ് മിസ്ട്രസ്

# ഇ- ഗുളികയുടെ അണിയറയിൽ

നന്ദകിഷോർ

ആദിത്യൻ

അഭിറാം

അക്ഷയ

നതാഷ

അശ്വിൻ ഭരത്

മുഹമ്മദ് ശാമിൽ

അതുൽ കൃഷ്ണ

# മുഖക്കുറിപ്പ്

ആധുനിക സമൂഹം വിവര സാങ്കേതിക വിദ്യയിലെ നൂതന പാതകളിലൂടെ അതിശീഘ്രം കുതിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസരംഗം കുട്ടികളെ കാലത്തിനൊപ്പം കൈപിടിച്ചു ഉയർത്തുകയാണ് . അതിൽ ഒരു കൈത്തിരി കൊളുത്താൻ നാഷണൽ ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും ഒരുങ്ങി ആദ്യപടിയായി ഞങ്ങളുടെ " ഇ - ഗുളിക " നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു ആയിരം സൗരമണ്ഡലങ്ങളുടെ പ്രഭാപൂരം കണ്ട് കൺകുളിർത്തവരാണ് നിങ്ങൾ , എങ്കിലും ഈ മൺചിരാത് നിങ്ങൾക്കുമുന്നിൽ കൊളുത്തുകയാണ് ഇത്തിരിവെട്ടത്തിൻ നറും ചീളുകൾ നിങ്ങളുടെ മനസ്സിലേക്കെത്തുമെന്ന മോഹത്തോടെ

എഡിറ്റർ

# ലിറ്റിൽ കൈറ്റ്സ്





# പൂന്തോട്ടം

എനിക്കുമുണ്ടൊരു പൂന്തോട്ടം
പൂക്കൾ ചിരിക്കും പൂന്തോട്ടം
തുമ്പികൾ പാറും പൂന്തോട്ടം
ആരും കൊതിക്കും പൂന്തോട്ടം
പല വർണ്ണങ്ങൾ ഉള്ളൊരു പൂന്തോട്ടം
ചന്തമുള്ളൊരു പൂന്തോട്ടം
ഏറെ മണമുള്ളൊരു പൂന്തോട്ടം
എന്റെ സ്വന്തം പൂന്തോട്ടം

നതാഷ
9A



# വിദ്യാലയ ഗീതം

ഉയരട്ടെ മമനാടിൻ ഹൃദയ സംഗീതം
ഉയരട്ടെ ദിശതോറും എൻനാടിൻ ചരിതം
ഉയരട്ടെ നാഷണൽ ഹൈസ് ക്കുളിൻ നാമം
ഉയരട്ടെ ഞങ്ങൾതൻ വിജ്ഞാന ദീപം
നിശിദാന്തകാരത്തിലാണ്ടൊരീ നാടിൻ
ഹൃദയത്തിൻ വിജ്ഞാന പ്രഭവീശും ദീപം
ജനസഞ്ചയഹൃദയങ്ങളിലൊളി വീശും താരം
നവവിജ്ഞാനത്തിൻ പ്രഭ വിളയും കേതാരം
വിമലമാം വിജ്ഞാനം ഞങ്ങൾക്കു നേടാൻ
വിലയേറും ജീവിതം ഭാസുരമാക്കാൻ
അമലപ്രഭാവരം ഗുരുവര്യപാത
കമലങ്ങൾ പണിയുന്നേൻ പൈതങ്ങൾ ഞങ്ങൾ
ഉയരട്ടെ മമനാടിൻ ഹൃദയ സംഗീതം
ഉയരട്ടെ ദിശതോറും എൻനാടിൻ ചരിതം
ഉയരട്ടെ നാഷണൽ ഹൈസ് ക്കുളിൻ നാമം
ഉയരട്ടെ ഞങ്ങൾതൻ വിജ്ഞാന ദീപം

ശക്തീധരൻ മാസ്റ്റർ



# സ്കൂൾ കലോൽസവം ജില്ലാതല വിജയികൾ








# സ്കൂൾ കലോൽസവം സംസ്ഥാന വിജയികൾ






# ചിത്ര സഞ്ചയം



# ബാല്യകാലം

ഓർമ്മകളുടെ പൂന്നാരച്ചെപ്പിൽ
ഓമൽ പ്പൂവായ് വിരിയും കാലം
കള്ളവും ചതിയുമില്ലാതെ
സ്നേഹവാത്സല്യങ്ങൾ ഉണരും കാലം
പാറുന്ന പൂമ്പാറ്റയെപ്പോൽ
ഓമൽചിറകുമായ്,ഓമൽകിടാവായ്
മാറിയ കാലം

പൂക്കൾ നുള്ളുവാനോടുമ്പോൾ
ചേച്ചിയുടെ ശകാരവാക്കുകൾ,അമ്മയുടെ സാന്ത്വനങ്ങൾ
വാശിയോടെ പിന്നെയും പൂനുള്ളുവാനോടുമ്പോൾ
അമ്മതൻപുഞ്ചിരി എന്നെ കളിയാക്കി
കാലമിന്നെത്രയോ കഴിഞ്ഞെങ്കിലും
വർണ്ണവസന്തമായ,മാരിവില്ലായ്
ഹൃത്തടത്തിൽ വിരിയുമാ കാലം
ഇന്നു ഞാനാകൊച്ചു മാവിൻ
തണലിലിരിക്കുമ്പോൾ ഓർമ്മകൾ മനസ്സിൽ ഒത്തുചേരുന്നു

അപർണ .എൻ എച്ച്

# അവതാരം

സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് മുത്തശ്ശി
ഏഴ് മണി സീരീയലിനായി പൂജാ മുറീയിൽ നിന്ന്
പുറത്തേക്കിറങ്ങുകയായിരുന്നു.പെട്ടെന്ന് കഴുത്തറ്റം
നീണ്ടുകിടക്കുന്ന ഇടതൂർന്ന കാർക്കൂന്തൽ .
കാതിൽ കുണ്ഡലം മുട്ടോളം നില്ക്കുന്ന
പുടവ കയ്യിൽ തരിവള എന്റെ ഭഗവാനേ നീ എന്നു
പറഞ്ഞുകൊണ്ട് മുത്തശ്ശി മറിഞ്ഞുവീണു.
ഒച്ചകേട്ട് ഓടിയെത്തിയ കമലാക്ഷിക്ക് മുന്നിൽ
പകച്ച് നില്ക്കാനേ നൃൂജെൻ കൊച്ചുമകന് കഴിഞ്ഞുള്ളൂ

അതുൽകൃഷ്ണ

# നിമിഷം

ഒരു നിമിഷം പോലും പാഴാക്കാതെ പുഴയുടെ വിശാലതയിലേക്ക്

കുതിച്ചു ചാടുമ്പോഴും ആഴങ്ങളിലേക്ക് താഴ് ന്ന് പോകുമ്പോഴും

നീലിമയുടെ മനസ്സിൽ ഒന്നു മാത്രം.

സമൂഹത്തോടും തനിക്ക് ജന്മം നല്കിയവരോടുമുള്ള അടങ്ങാത്ത വാശി

പുഴയുടെ അടിത്തട്ടിലെ ഒഴുക്കിൽപ്പെട്ട്

എവിടേക്കോ ശക്തിയിൽ വലിക്കപ്പെട്ടപ്പോൾ

അല്പം വായുവിനായി പിടഞ്ഞപ്പോഴാണ്

വാശിയുടെ സ്ഥാനത്ത് ഭയം കടന്നുവന്നത് .

ഒരു നിമിഷം അമ്മ, അച്ഛൻ, അനിയൻ.

അവൾ ശക്തി സംഭരിച്ച് മുകൾത്തട്ടിലേക്ക് കുതിക്കാൻ ശ്രമിച്ചു.

ഇല്ല കഴിയുന്നില്ല.

കാലുകൾ തളർന്നുകഴിഞ്ഞു .

തന്നെ കാണാതെ പിടയുന്ന പ്രിയമുഖങ്ങൾ മനസ്സിലേക്ക്

ഒഴുകിയെത്തി.

കണ്ണിലേക്ക് വെളിച്ചത്തിന്റെ തള്ളിക്കയറ്റം .

പുഴയുടെ അടിത്തട്ടിൽ എവിടേക്കോ എന്നറിയാതെ നീലിമയുടെ

നിശ്ചലശരീരം ഒഴുകിനീങ്ങി.

**അരവിന്ദ് .കെ .പി**

# ഒരു വെളിച്ചം

ഏതോ രാത്രി മഴച്ചോർച്ചയിൽ
കണ്ണീർ പളുങ്കുകളുടെ കാൽപ്പെരുമാറ്റം
ഞാൻ കേട്ടതായോർക്കുന്നു
ഓർമ്മയിൽ ഞാനുറക്കാത്ത സ്വപ്നങ്ങൾ
മനസ്സിൽ തിരിനാളത്തെ ഊതിക്കെടുത്തിയപ്പോൾ
എൻ ഹൃദയ ജാലകത്തെ തള്ളിത്തുറന്ന്
ആരോ പടിയിറങ്ങി
ഇന്നതെന്റെ ആത്മാവായിരുന്നെന്ന്
നിർവികാരതയിൽ വായിച്ചെടുക്കും നേരം
എൻ സന്ദേഹത്തെ യാഥാർത്ഥമാം വണ്ണം
ഞാൻ തുറങ്കിലടച്ചിരുന്നു
ഹൃദയവൃണമ പൊട്ടിയൊഴുകും നേരം
ഓർമകൾ മാഞ്ഞ് പോകുംനേരം
ഭൂതകാലത്തെ ഞാനെങ്ങോ
ഇട്ടെറിഞ്ഞിട്ടോടിപ്പോയിരുന്നു

ശ്രീലക്ഷ്മി.സി .ആർ

# സ്മരണകളിലൂടെ



# മഹത് വചനങ്ങൾ

**ആഗ്രഹമില്ലഭിപ്രായവുമില്ലെങ്കിലോ**
**ജീവിതം ശാന്തം പൂർണ്ണം**

**അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ**
**വിവേകികൾ(നളിനി)**

**ഏമ്പ്രാനപ്പം കട്ടു ഭുജിച്ചാൽ**
**അമ്പലവാസികളൊക്കെ കക്കും (സ്യമന്തകം)**

**ആപത്തുവന്നടുത്തീടുന്ന നേരത്ത്**
**ശോഭിക്കയില്ലടോ സജ്ജന ഭാഷിതം.അദ്ധ്യാത്മരാമായണം**

എനിക്ക് ജീവിതത്തിൽ മൂന്നു കാര്യങ്ങളേ പ്രധാനപ്പെട്ടതായുള്ളൂ. അവ പുസ്തകങ്ങൾ മാത്രം

# നന്ദി

ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്നം ഇവിടെ യാഥാർത്ഥമാവുകയാണ്. ഈ ഉദ്യമത്തിന് ഞങ്ങളോടൊപ്പം നിന്ന എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മാർഗദർശികളായ ശ്രീദേവി ടീച്ചർക്കും സീനത്ത് ടീച്ചർക്കും നിസ്സീമമായ നന്ദി ഹൃദയത്തിന്റെ ഭാഷയിൽ രേഖപ്പെടുത്തുന്നു.



എഡിറ്റർ